**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 166** **30-09-2025 - ൽ മറുപടിയ്ക്ക്**

**അതിദരിദ്രർക്ക് റേഷൻകാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എ. രാജ,<br>ശ്രീ. ഐ. ബി. സതീഷ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് അതിദരിദ്രരെ കണ്ടെത്തി അവർക്ക് റേഷൻകാർഡുകൾ വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം - 2013 പ്രകാരം ദരിദ്രരിൽ അതിദരിദ്രർ ആയിട്ടുള്ളവർക്കാണ് AAY കാർഡുകൾ നൽകിവരുന്നത്.<br><br>കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ച് നൽകിയിട്ടുള്ള, AAY വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള അംഗങ്ങളുടെ പരിധി 595800 ആണ്. അതിദരിദ്രർക്ക് നൽകുന്ന പ്രസ്തുത കാർഡുകളുടെ മാനദണ്ഡങ്ങൾ കേന്ദ്ര സർക്കാർ ആണ് നിശ്ചയിച്ചിട്ടുള്ളത്. AAY വിഭാഗത്തിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അതി ദരിദ്രരായിട്ടുള്ളവരെ പ്രസ്തുത വിഭാഗത്തിലേക്ക് പരിവർത്തനം ചെയ്തു വരുന്നു. അതിദരിദ്രർ ഇല്ലാത്ത സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് ശുപാർശ ചെയ്ത 3940 കുടുബങ്ങൾക്ക് AAY കാർഡുകൾ ഇതിനോടകം അനുവദിച്ചിട്ടുണ്ട് . |
| (ബി) | ഉപഭോക്താക്കളെ കണ്ടെത്തുന്നതിനായുള്ള സർവേയിൽ ഉൾപ്പെട്ട മുഴുവൻ അതിദരിദ്ര കുടുംബത്തിനും റേഷൻകാർഡ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (ബി) | ഉണ്ട്. എല്ലാവർക്കും റേഷൻ കാർഡ് എന്ന സർക്കാർ നയത്തിന്റെ ഭാഗമായി പുറം പോക്കിലും റയിൽവേ പരിസരത്തും റോഡരികിലും കുടിലുകൾ കെട്ടി താമസിക്കുന്നവരെ കണ്ടെത്തി വീട്ടു നമ്പർ ഇല്ലെങ്കിലും വീട്ടുനമ്പരിന്റെ സ്ഥാനത്ത് "00" എന്ന് രേഖപ്പെടുത്തി റേഷൻ കാർഡുകൾ അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 58329 AAY കാർഡുകൾ നൽകിയിട്ടുണ്ട്. AAY കാർഡിന് അർഹത ഇല്ലാത്തവർക്ക് PHH കാർഡുകൾ അനുവദിച്ചു വരുന്നു. |
| (സി) | റേഷൻ ഷോപ്പുകളിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ കഴിയാത്ത അതിദരിദ്രവിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് റേഷൻ വിതരണം ചെയ്യുന്നതിനായി | (സി) | വാർദ്ധക്യവും രോഗങ്ങളും കാരണം റേഷൻ സാധനങ്ങൾ വാങ്ങാൻ റേഷൻ കടകളിൽ എത്താൻ കഴിയാത്ത അങ്ങേയറ്റം ദരിദ്രരായ കുടുംബങ്ങൾക്ക് |

| | | | |
|---|---|---|---|
| | ആരംഭിച്ച ഒപ്പം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | | ഓട്ടോറിക്ഷ തൊഴിലാളികളുടെ കൂട്ടായ്മയുമായി സഹകരിച്ച് റേഷൻ വിഹിതം വീട്ടുകളിൽ എത്തിക്കുകയാണ് ഒപ്പം പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതിയിലൂടെ ഗുണഭോക്താക്കൾക്ക് അവരുടെ റേഷൻ സാധനങ്ങൾ എല്ലാ മാസവും 10-ാം തീയതിയ്ക്ക് മുമ്പ് ഓട്ടോറിക്ഷ തൊഴിലാളികൾ സൗജന്യമായി വീട്ടിൽ എത്തിച്ച് നൽകി വരുന്നു. നിലവിൽ ഒപ്പം പദ്ധതി പ്രകാരം സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള 682 ഗുണഭോക്താക്കൾക്കുള്ള റേഷൻ സാധനങ്ങൾ അവരവരുടെ വീട്ടുകളിൽ എത്തിച്ചു നൽകുന്നു. |
| (ഡി) | വനമേഖലകളിലെ എത്തിച്ചേരാൻ പ്രയാസമുള്ള ദുർഘട പ്രദേശങ്ങളായ ആദിവാസി നഗറുകൾ, ട്രൈബൽ സെറ്റിൽമെന്റുകൾ, ലേബർ സെറ്റിൽമെന്റുകൾ എന്നിവിടങ്ങളിൽ അധിവസിക്കുന്ന ജനങ്ങൾക്ക് വാതിൽപ്പടി റേഷൻ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്നും അവയുടെ പുരോഗതിയും വിശദമാക്കാമോ? | (ഡി) | ഒറ്റപ്പെട്ട മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് അവർക്ക് അർഹതപ്പെട്ട റേഷൻ സാധനങ്ങൾ ചൂഷണത്തിന് വിധേയമാകാതെ അവരുടെ താമസ സ്ഥലങ്ങളിൽ നേരിട്ട് എത്തിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് "സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി". പ്രസ്തുത പദ്ധതി നിലവിൽ 10 ജില്ലകളിലായി 21 താലൂക്കുകളിൽ 142 ആദിവാസി ഉന്നതികളിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ള പ്രദേശങ്ങളിലെ ആദിവാസി കുടുംബങ്ങൾക്ക് എല്ലാ മാസവും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എത്തിച്ച് നൽകുന്നു. ഇതുമൂലം ഒറ്റപ്പെട്ട മേഖലകളിൽ താമസിക്കുന്ന ഗോത്രവർഗക്കാർക്ക് ദുർഘടമായ പാതയിലൂടെ കിലോമീറ്ററോളം സഞ്ചരിച്ച് റേഷൻ കടകളിൽ എത്തി റേഷൻ വാങ്ങുന്ന ബുദ്ധിമുട്ട് ഒഴിവാകുകയും അവർക്ക് അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി അവർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതിനും സാധിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ